LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ദിവസക്കൂലി, കരാർ അടിസ്ഥാനത്തിൽ നിയമനം, ലഭിച്ചവർ

26 (4252) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ദിവസക്കൂലി, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും കേസ്സ് നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇത്തരത്തിൽ പിരിച്ചുവിടാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ബി.സി.ഡി. സി. ഹെഡ്ഡ് ഓഫീസുകളിലും എല്ലാ ഓഫീസുകളിലും ദിവസക്കൂലി അടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അവരുടെ പേരും മേൽവിലാസവും തസ്തികയും ശമ്പളവും നിയമിച്ച തീയതിയും വ്യക്തമാക്കുമോ ;

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്നും ആരെയും പിരിച്ചുവിട്ടിട്ടില്ല. കോർപ്പറേഷനിൽ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസിലും കുടിശ്ശിക ജോലികൾ ചെയ്ത് തീർക്കുന്നതിന് അത്യാവശ്യ സാഹചര്യത്തിൽ ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുകയും കുടിശ്ശിക ജോലികൾ തീരുന്ന മുറയ്ക്ക് ടി ജീവനക്കാരുടെ സേവനം അവസാനിപ്പിക്കാറുമുണ്ട്.

(ഡി&ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹെഡ്ഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും ദിവസ കൂലി അടിസ്ഥാനത്തിൽ നിയമിച്ചവരുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ശാന്തിതീരം റിവർസൈഡ് വാക്ക്‌വേ

27 (2605) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സിവിൽ സ്റ്റേഷനു താഴെ കടലുണ്ടിപ്പുഴയുടെ തീരങ്ങളിൽ ടൂറിസം വകുപ്പ് നടപ്പാക്കുന്ന ശാന്തി തീരം റിവർസൈഡ് വാക്ക് വേ ഇപ്പോൾ ഏതു ഘട്ടത്തിലാണ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.